I ഇ.ബി. XV- കേരള നിയമസഭ/XII-7

പതിനഞ്ചാം കേരള നിയമസഭ

പന്ത്രണ്ടാം സമ്മേളനം

ചോദ്യോത്തരങ്ങൾ - സംഗ്രഹം

2024 ഒക്ടോബർ 15, ചൊവ്വ

നിയമസഭ രാവിലെ 9.00 മണിക്ക് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. എ. എൻ. ഷംസീറിന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

**വാങ്മൂലം നൽകിയ ഉത്തരങ്ങൾ**

24(*181) <u>കോസ്റ്റൽ ക്രൂയിസ് ഷിപ്പിങ് പദ്ധതി</u>

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ) നൽകിയ മറുപടിയിൽ, സംസ്ഥാനത്തെ വിവിധ തുറമുഖങ്ങളെ ബന്ധിപ്പിച്ചുകൊണ്ടുള്ള കോസ്റ്റൽ ക്രൂയിസ് ഷിപ്പിങ് പദ്ധതി നടപ്പാക്കുന്നതിന് ബന്ധപ്പെട്ട ഏജൻസികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിച്ച് തുടർനടപടി സ്വീകരിച്ചുവരികയാണെന്ന് സഭയെ അറിയിച്ചു. കേരളത്തിൽനിന്ന് ഗൾഫ് മേഖലയിലേയ്ക്ക് യാത്രാ കപ്പൽ സർവീസ് നടത്തുന്നതിന് താൽപര്യം അറിയിച്ച് നാല് കമ്പനികൾ പ്രൊപ്പോസൽ സമർപ്പിച്ചതിൽനിന്നും വൈറ്റ് സീ ഷിപ്പിങ് ലൈൻസ് പ്രൈവറ്റ് ലിമിറ്റഡ്

ചെന്നൈ, ജബൽ വെഞ്ചേഴ്സ് പ്രൈവറ്റ് ലിമിറ്റഡ് കോഴിക്കോട് എന്നീ കമ്പനികളോട് സർവീസ് നടത്തുവാനുദേശിക്കുന്ന കപ്പലിന്റെ വിശദാംശങ്ങളടക്കമുള്ള പ്രൊപ്പോസൽ ഡയറക്ടർ ജനറൽ ഓഫ് ഷിപ്പിംഗ് മുമ്പാകെ സമർപ്പിക്കുവാൻ നിർദേശിക്കുകയും തുടർനടപടികൾ നടന്നുവരികയുമാണ്. ആനന്ദോപാധികൾകൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള കൊച്ചി-ദുബായ് പാസഞ്ചർ കപ്പൽ യാത്രയ്ക്ക് ഗവൺമെന്റ് സബ്സിഡി നൽകുന്ന കാര്യം ആലോചിക്കുന്നതാണെന്നും നിക്ഷേപകരെ ആകർഷിക്കുന്നതിനായി അന്താരാഷ്ട്രതലത്തിൽ കേരള മാരിടൈം സമ്മിറ്റ് നടത്തുന്ന കാര്യം പരിഗണിക്കുന്നതാണെന്നും അഴീക്കൽ-കണ്ണൂർ അന്താരാഷ്ട്ര ഗ്രീൻഫീൽഡ് പോർട്ടിന്റെ പ്രവൃത്തി കഴിയുന്നത്ര വേഗത്തിൽ ആരംഭിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. വിഴിഞ്ഞം തുറമുഖത്ത് ട്രയൽ റൺ ആരംഭിച്ചതിനുശേഷം 29 കപ്പലുകൾ വന്നുപോയതിലൂടെ 4.7 കോടി രൂപ സംസ്ഥാന ഗവൺമെന്റിന് നികുതി വരുമാനം ലഭിച്ചിട്ടുണ്ട്. ചെറുകിട തുറമുഖങ്ങളുമായി ബന്ധപ്പെടുത്തിയുള്ള വിനോദസഞ്ചാര സാധ്യതകൾ പരിശോധിക്കുമെന്നും ചരക്കുനീക്കത്തിനും ചെലവുകുറഞ്ഞ വിദേശയാത്രകൾക്കുമായി കേരള ഷിപ്പിങ് കോർപ്പറേഷൻ, ഇൻലാന്റ് നാവിഗേഷൻ കോർപ്പറേഷൻ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കുന്ന

കാര്യം പരിഗണിക്കുന്നതാണെന്നും ഉൾനാടൻ ജലഗതാഗതം പ്രയോജനപ്പെടുത്തുന്നതിനായി കോട്ടയം പോർട്ട് തുറമുഖ വകുപ്പിനുകീഴിൽ കൊണ്ടുവരുന്നതിന് നടപടികളാരംഭിച്ചിട്ടുണ്ടെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

25 (*182) ലോജിസ്റ്റിക്സ് പാർക്കുകൾ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്) നൽകിയ മറുപടിയിൽ, സംസ്ഥാനത്ത് വ്യാവസായിക വികസനത്തിനുതകുന്ന തരത്തിൽ വ്യാവസായിക ഉൽപ്പാദന/ഉപഭോഗ കേന്ദ്രങ്ങളെ ബന്ധിപ്പിക്കുന്നതിനായി ലോജിസ്റ്റിക്സ് പാർക്കുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടെന്നും ഇതിനായി കേരള ലോജിസ്റ്റിക്സ് പാർക്ക് പോളിസി തയ്യാറാക്കിയിട്ടുണ്ടെന്നും കസ്റ്റംസ് ക്ലിയറൻസ്, കണ്ടെയ്നർ ഗതാഗതം, വെയർഹൗസിംഗ്, സ്റ്റോറേജ്, പാക്കിങ്, ലേബലിങ് തുടങ്ങിയ ഒട്ടനവധി സേവനങ്ങൾ ലഭ്യമാക്കാൻ ഇതിലൂടെ സാധിക്കുമെന്നും സഭയെ അറിയിച്ചു. 2023-ലെ സംസ്ഥാന വ്യവസായ നയത്തിൽ ലോജിസ്റ്റിക്സ് മേഖലയെ മുൻഗണനാ മേഖലയായി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ വ്യവസായ പാർക്കുകളുമായി ബന്ധപ്പെട്ട ലാന്റ് പോളിസിയിലും സംരംഭകർക്ക് അടിസ്ഥാന സൗകര്യങ്ങൾ ലഭ്യമാക്കുന്നതിലും ഈ മേഖലയ്ക്ക് പ്രത്യേക

പരിഗണനയും സവിശേഷ ആനുകൂല്യങ്ങളും നൽകിയിട്ടുണ്ട്. പത്ത് ഏക്കർ ഭൂമിയിൽ ലോജിസ്റ്റിക്സ് പാർക്കുകളും അഞ്ചു മുതൽ പത്തു വരെ ഏക്കർ ഭൂമിയിൽ മിനി-ലോജിസ്റ്റിക്സ് പാർക്കുകളും സ്വകാര്യ മേഖലയിലോ പൊതു-സ്വകാര്യ പങ്കാളിത്തത്തോടെയോ സ്ഥാപിക്കുന്നതിന് സർക്കാർ പ്രോത്സാഹനം നല്കുന്നതാണ്. ഇത്തരത്തിൽ സ്ഥാപിക്കുന്ന പാർക്കുകളുടെ പ്രധാന ഘടകങ്ങളും മറ്റ് അടിസ്ഥാന സൗകര്യങ്ങളും വികസിപ്പിക്കുന്നതിന് നിക്ഷേപ സബ്സിഡി നൽകുന്നതിനുപുറമെ ഭൂമിക്ക് സ്റ്റാമ്പ് ഡ്യൂട്ടി/രജിസ്ട്രേഷൻ ചാർജ് എന്നിവ ഒഴിവാക്കുന്ന കാര്യവും ലോജിസ്റ്റിക്സ് പാർക്ക് നയത്തിൽ വിഭാവനം ചെയ്യുന്നുണ്ട്. ലാന്റ് പൂളിംഗിലൂടെ സ്ഥലം കണ്ടെത്തി വിഴിഞ്ഞം തുറമുഖത്തിന്റെ 20 കിലോമീറ്ററിനുള്ളിൽ ലോജിസ്റ്റിക്സ് പാർക്ക് സ്ഥാപിക്കാനുദ്ദേശിക്കുന്നുണ്ട്. പനറ്റോണി, അവിഗ്ന, ഫ്ലിപ്കാർട്ട് തുടങ്ങിയ അന്താരാഷ്ട്ര കമ്പനികളും ഈ മേഖലയിൽ നിക്ഷേപം നടത്തുന്നതിന്റെ ഭാഗമായി ലോജിസ്റ്റിക്സ് പാർക്കുകൾ ആരംഭിക്കുന്നതിന് മുന്നോട്ടുവന്നിട്ടുണ്ട്. ലോജിസ്റ്റിക്സ് പാർക്കുകളോടൊപ്പം ഇൻഡസ്ട്രിയൽ ഹബ്ബുകൂടി സ്ഥാപിക്കുന്ന കാര്യം ആലോചിക്കുന്നുണ്ടെന്നും സ്വകാര്യ മേഖലയിൽ ഇവ ആരംഭിക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നതെന്നും സംസ്ഥാനത്ത് ലഭ്യമായ ഭൂമി ഉപയോഗപ്പെടുത്തി എല്ലാ

ജില്ലകളിലും ഇത്തരം പാർക്ക് സ്ഥാപിക്കുന്നതിന്റെ സാധ്യത പരിശോധിക്കുന്നതാണെന്നും മന്ത്രി കൂട്ടിച്ചേർത്തു. ഒരുവർഷത്തിനുള്ളിൽ 30 സ്വകാര്യ വ്യവസായ പാർക്കുകൾക്ക് അനുമതി നൽകാൻ സാധിച്ചിട്ടുണ്ടെന്നും 4-ാം വ്യവസായ വിപ്ലവത്തിന്റെ സാധ്യത പ്രയോജനപ്പെടുത്തുന്നതിന് 2025 ഫെബ്രുവരി 21, 22 തീയതികളിൽ കൊച്ചിയിൽ ഇൻവെസ്റ്റ്മെന്റ് കേരള ഗ്ലോബൽ സമ്മിറ്റ് സംഘടിപ്പിക്കാനുദ്ദേശിക്കുന്നുണ്ടെന്നും വ്യവസായ പാർക്കുകൾക്ക് പ്രത്യേക സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് രൂപീകരിക്കുന്നതാണെന്നും ഇൻഡസ്ട്രിയൽ ഏരിയയായി പ്രഖ്യാപിച്ചശേഷം മാത്രമാണ് പാർക്കുകൾ പ്രവർത്തനമാരംഭിക്കുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

26 (*183) ആംനസ്റ്റി പദ്ധതി

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. കെ. എൻ. ബാലഗോപാൽ) നൽകിയ മറുപടിയിൽ, ജി.എസ്.ടി.ക്കുമുൻപുള്ള കുടിശ്ശികകൾ തീർപ്പാക്കുന്നതിനായി 2024 ഓഗസ്റ്റ് 1 മുതൽ ആംനസ്റ്റി പദ്ധതി നടപ്പിലാക്കിവരുന്നുണ്ടെന്നും പദ്ധതിപ്രകാരമുള്ള തുക മുൻകൂറായി അടച്ച് 2024 ഡിസംബർ 31-വരെ ടി പദ്ധതിയിൽ ചേരാവുന്നതാണെന്നും മുൻവർഷത്തേക്കാൾ കൂടുതൽ

ആനുകൂല്യങ്ങൾ ഈ പദ്ധതിയിലൂടെ ലഭ്യമാക്കുന്നുണ്ടെന്നും സഭയെ അറിയിച്ചു. പദ്ധതിപ്രകാരം പൂർണ്ണമായ ആനുകൂല്യങ്ങൾ ലഭിക്കുന്നതിനുള്ള സമയപരിധി അവസാനിച്ചുവെങ്കിലും 2024 സെപ്റ്റംബർ 30 മുതൽ ലഭ്യമാകുന്ന പുതുക്കിയ ആനുകൂല്യങ്ങൾ സംബന്ധിച്ച് സർക്കാർ പുറപ്പെടുവിച്ചിട്ടുള്ള വിജ്ഞാപനപ്രകാരം അൻപതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശികകൾ പിഴയും പലിശയുമടക്കം പൂർണ്ണമായും ഒഴിവാക്കുകയും പത്തു ലക്ഷം രൂപ വരെയുള്ള കുടിശ്ശികകൾക്ക് നികുതി തുകയുടെ 32 ശതമാനവും ഒരു കോടി രൂപ വരെയുള്ള അപ്പീലിലുള്ള (നിയമ വ്യവഹാരത്തിലുള്ള) കുടിശ്ശികകൾക്ക് 42 ശതമാനവും അപ്പീലിൽ ഇല്ലാത്ത (നിയമ വ്യവഹാരമില്ലാത്ത) കുടിശ്ശികകൾക്ക് 52 ശതമാനവും ഒരു കോടി രൂപയിലധികം അപ്പീലിലുള്ള കുടിശ്ശികകൾക്ക് 72 ശതമാനവും അപ്പീലിൽ ഇല്ലാത്ത കുടിശ്ശികകൾക്ക് 82 ശതമാനവും അടച്ച് തീർപ്പാക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഫിനാൻസ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരം അപേക്ഷ/ഷോർട്ട് നോട്ടീസ് എന്നിവയിന്മേൽ 60 മുതൽ 120 ദിവസത്തിനകം പേമെന്റ് നടത്തുന്നവർക്കും മേൽ നിരക്കുകൾ ബാധകമാകുന്നതും 2024 നവംബർ 1 മുതൽ 30 വരെയും ഡിസംബർ 1 മുതൽ 31 വരെയും പുതിയ അപേക്ഷ സമർപ്പിക്കുന്നവർ/ഷോർട്ട് നോട്ടീസ് ലഭിച്ച്

120 മുതൽ 180 ദിവസത്തിനകം പേമെന്റ് നടത്തുന്നവർ എന്നിവർക്ക് ടി നിരക്കുകളിൽനിന്നും 2 ശതമാനം വർദ്ധനവ് ഉണ്ടാകുന്നതുമാണ്. കേരള പൊതു വില്പന നികുതി നിയമം, 1963 വകുപ്പ് 5, 7 എന്നിവപ്രകാരം മദ്യവില്പനയുമായി ബന്ധപ്പെട്ട് നിർണ്ണയിക്കപ്പെട്ട നികുതി, ടേൺഓവർ ടാക്സ് എന്നിവയുടെ കുടിശ്ശിക തീർപ്പാക്കുന്നതിനോ കോംപൗണ്ടിങ് നികുതി കുടിശ്ശിക തീർപ്പാക്കുന്നതിനോ ഈ പദ്ധതി ബാധകമായിരിക്കില്ല. ജി.എസ്.ടി.-ക്ക് മുൻപുള്ള കുടിശ്ശികകളുമായി ബന്ധപ്പെട്ട് 1081-ഉം ജി.എസ്.ടി.-ക്ക് ശേഷം 735-ഉം കേസുകൾ നിലവിലുണ്ട്. ആംനസ്റ്റി പദ്ധതിയിലൂടെ വൻതോതിൽ കുടിശ്ശിക കേസുകൾ തീർപ്പാക്കാൻ സാധിച്ചിട്ടുണ്ടെന്നും അൻപതിനായിരം രൂപവരെയുള്ള നികുതി കുടിശ്ശിക ഒഴിവാക്കിയത് ചെറുകിട വ്യാപാരികൾക്ക് ഏറെ ഗുണകരമായിട്ടുണ്ടെന്നും നിയമ വ്യവഹാരത്തിലുള്ള കേസുകളിൽ അപ്പീൽ തുകയുടെ ബാക്കി തുക ആംനസ്റ്റി പദ്ധതിപ്രകാരം അടച്ചാൽ മതിയെന്നും അയൽ സംസ്ഥാനങ്ങളായ മാഹി/കർണ്ണാടക എന്നിവിടങ്ങളിൽനിന്നും ക്യാപ്റ്റീവ് യൂസിനായി ഇന്ധനം കൊണ്ടുവന്ന് സംസ്ഥാനത്ത് വിൽക്കുന്നതിനെതിരെ കർശന നടപടി സ്വീകരിച്ചുവരികയാണെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.

27 (*184) ധനകാര്യ കമ്മീഷൻ ഗ്രാന്റ്

ധനകാര്യ വകുപ്പുമന്ത്രി നൽകിയ മറുപടിയിൽ, 2021-26 സാമ്പത്തിക വർഷം തദ്ദേശ സ്ഥാപനങ്ങൾക്കുള്ള ഗ്രാന്റ് വിഹിതം 2.68 ശതമാനമായി കുറഞ്ഞതിലൂടെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കാലയളവിൽ കൂടുതൽ നഷ്ടം സംഭവിച്ചത് കേരളത്തിനാണെന്ന് സഭയെ അറിയിച്ചു. ധനകാര്യ കമ്മീഷൻ ഗ്രാന്റ് വിഹിതത്തിൽ വരുത്തിയിട്ടുള്ള കുറവ് സംബന്ധിച്ച് Kerala Economy-യുടെ 2024 ജൂലൈ-സെപ്തംബർ പതിപ്പിൽ പഠനറിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയത് തദ്ദേശ സ്ഥാപനവിഹിതം കുറയുന്നതിന് കാരണമായിട്ടുണ്ട്. വികസനത്തിൽ മുന്നിൽനിൽക്കുന്ന കേരളത്തിന്റെ ധനകാര്യ ഗ്രാന്റ് വിഹിതം കുറഞ്ഞുവരികയാണെന്നും ഗ്രാന്റ് അനുവദിക്കുമ്പോൾ ഓരോ സംസ്ഥാനത്തിന്റെയും പ്രത്യേകതയ്ക്കനുസരിച്ചുള്ള മാനദണ്ഡം നിശ്ചയിക്കണമെന്ന് കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെന്നും സംസ്ഥാന ലോട്ടറിയിൽനിന്ന് ലഭിക്കുന്ന നികുതി വരുമാനത്തിന്റെ പകുതിയോളം തുക കേന്ദ്രസർക്കാരിലേയ്ക്കാണ് പോകുന്നതെന്നും ഉപചോദ്യങ്ങൾക്ക് മറുപടിയായി മന്ത്രി അറിയിച്ചു.